ഉത്തരം

(എ-സി) 2-1-2010-ലെ ജി.ഒ.(എം)എസ്.) നമ്പർ 2/10/പൊ.വി. ഉത്തരവിലൂടെ പഞ്ചായത്ത് സ്കൂളുകളെ സർക്കാർ ഏറ്റെടുത്ത് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിലെ ജീവനക്കാരുടെ സർവ്വീസ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. ഇവരുടെ സർവ്വീസ് ക്രമീകരിച്ച് ഉത്തരവായതിനുശേഷമേ സ്ഥലംമാറ്റം, പ്രൊമോഷൻ തുടങ്ങിയ കാര്യങ്ങളിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ ഓഫീസിലെ ആർ.എ. 59238/10 എന്ന ഫയലിലെ നടപടിക്രമങ്ങൾ

35 (2038) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടർ ഓഫീസിലെ ആർ.എ.59238/10 എന്ന ഫയലിലെ നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ് ;

(ബി) പ്രസ്തുത ഫയലിന് ഹേതുവായി നടപടിക്രമങ്ങൾ ആരംഭിച്ചത് എന്നാണ് ;

(സി) പ്രസ്തുത ഫയലിൽ അടിയന്തര തീർപ്പുണ്ടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആർ.എ.(3)/59238/10 നമ്പർ ഫയലിലെ നടപടി അന്തിമ ഘട്ടത്തിലാണ്.

(ബി) തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിലുള്ള ഒഴൂർ സി.പി.പി.എച്ച്.എം.എച്ച്.എസ്സ്.എസ്സിലെ ഫിസിക്കൽ സയൻസ് എച്ച്.എസ്.എ. ശ്രീമതി വി. ലേഖ 10-2-2010-ൽ സമർപ്പിച്ച അപ്പീലിൽ 20-5-2010-ൽ ആരംഭിച്ച നടപടികളാണ് ഈ ഫയലിന് ആധാരം.

(സി) സ്വീകരിച്ചുവരുന്നു.

കയ്പമംഗലം എം.ഐ.സി. ഓർഫനേജ് യു.പി.സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുന്ന നടപടി

36 (2039) ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജകമണ്ഡലത്തിൽപ്പെട്ട കയ്പമംഗലം എം.ഐ.സി. ഓർഫനേജ് യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുന്നത്

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ദേശീയ വിദ്യാഭ്യാസ ന്യൂനപക്ഷ കമ്മീഷൻ 16-12-2010-ൽ 732/2009-ാം നമ്പരായി പുറപ്പെടുവിച്ച ഉത്തരവിൻമേൽ സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷന്റെ 16-12-2010-ലെ ഉത്തരവിൻമേൽ 57113/എഫ്3/2010/പൊ.വി. എന്ന ഫയലിൽ നടപടികൾ സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

ഭാഷാ പഠനത്തിനും സാഹിത്യത്തിനുമുള്ള സർവ്വകലാശാലകൾ

37 (2040) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭാഷാപഠനത്തിനും സാഹിത്യപഠനത്തിനുമുള്ള എത്ര സർവ്വകലാശാലകൾ പ്രവർത്തിക്കുന്നുണ്ട് ; അവ ഏതെല്ലാം അവയുടെ ആസ്ഥാനം എവിടെയാണ് ;

(ബി) അറബിക് ഭാഷാപഠനത്തിനും, സാഹിത്യപഠനത്തിനുമായി ഒരു സർവ്വകലാശാല ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ അതിന്റെ ആസ്ഥാനം എവിടെയാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കേരള കലാമണ്ഡലം, സെൻട്രൽ യൂണിവേഴ്സിറ്റി എന്നീ സർവ്വകലാശാലകളിൽ മറ്റ് വിഷയങ്ങൾക്ക് പുറമേ ഭാഷാപഠനത്തിനും സാഹിത്യപഠനത്തിനുമുള്ള സൗകര്യമുണ്ട്. മേൽ സർവ്വകലാശാലകളുടെ ആസ്ഥാനം താഴെകൊടുക്കുന്നു:

1. കേരള സർവ്വകലാശാല - തിരുവനന്തപുരം
2. മഹാത്മാഗാന്ധി സർവ്വകലാശാല - കോട്ടയം
3. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല - എറണാകുളം
4. സംസ്കൃത സർവ്വകലാശാല - കാലടി
5. കോഴിക്കോട് സർവ്വകലാശാല - തേഞ്ഞിപ്പലം

LIBRARY ARCHIVES Kerala Legislative Assembly